# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 16/09/2016

(14 Dhul Hijjah 1437 Hijri)

Hazrat Khalifathullah Munir Ahmad Azim (A)

## The Need for Fresh Divine Sign/ നൂതന ദൈവീക അടയാളങ്ങളുടെ ആവശ്യകത

നാം ജീവിക്കുന്ന ഭൂമി വളരെ ചെറുതാണെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. മറ്റു ദൈവീക സൃഷ്ടികളുമായി താരതമ്യം ചെയ്യുമ്പോൾ, അവരെ സംബന്ധിച്ചിടത്തോളം ഭൂമി ഒരു അപ്രധാന സാധനമാണ്. അവർ പറയുന്നത് കൃത്യമായി ശരിയായിരിക്കണമെന്നില്ല. എന്നതു പോലെ, ഒരു പ്രത്യേക ജനതയ്ക്കോ, വിഭാഗത്തിനൊ മാത്രം ദൈവം ദൈവീകവെളിപാടുകൾ അവൻ സ്വയം വെളിപ്പെടുത്തുകയുള്ളു എന്നതും ശരിയായ നിലപാടല്ല. ഒരു പ്രത്യേക ജനതയോട് ഒരു  പ്രത്യേക സ്നേഹം അല്ലെങ്കിൽ ബന്ധം ദൈവത്തിനുണ്ട് എന്നതും ശരിയല്ല. ശരിയായി പ്രസ്താവിച്ചാൽ പ്രപഞ്ചത്തിന്റെ ദൈവം, ഭൗതികമായി ആവശ്യമുള്ളതെല്ലാം മൊത്തത്തിൽ സൃഷ്ടിച്ചു, സംരക്ഷിച്ചു, വളർത്തി, ഒരു വേർതിരിവുമില്ലാതെ ഭൂമിയിൽ നിലനിർത്തി. നമ്മുടെ വിശ്വാസ പ്രകാരം ഒരു ദൈവം (അല്ലാഹു) പ്രപഞ്ചത്തിന്റെ രക്ഷിതാവുകുന്നു. അതായത് മുഴുപ്രപഞ്ചവും നമുക്കാവശ്യമുള്ള എല്ലാ സാധനങ്ങളും അവനാണ് നമുക്ക് പ്രദാനം ചെയ്തിരിക്കുന്നത്. അവൻ മാത്രമാണ് നമുക്കാവശ്യമുള്ള എല്ലാ വിധ അനുഗ്രഹങ്ങളും നല്കിയിരിക്കുന്നത്. അന്നപാനീയങ്ങളും, വായുവും, ജലവും, പ്രകാശവും തുടങ്ങിയതെല്ലാം അവന്റെ സൃഷ്ടികൾ തന്നെയാണ്.

അതുപോലെ തന്നെ, മനുഷ്യനിലനില്പിന്റെ ഓരോ കാലഘട്ടത്തിലും, ഓരോ ജനതയിലേക്കും, കാലാകാലങ്ങളിൽ, ജനങ്ങളെ സംസ്ക്കാരിക്കുന്നതിനായി പരിഷ്കാർത്താക്കളെ നിയോഗിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആനിലെ സൂറഃഫാതിഹയിൽ പ്രസ്താവിച്ചതുപോലെ സർവ്വശക്തനായ അല്ലാഹു പ്രപഞ്ചത്തിന്റെ ദൈവമാകുന്നു. വസ്തുതകളങ്ങനെ ആയിരിക്കെ ഇതു പരിഗണിക്കുമ്പോൾ, കാലാകാലങ്ങളിൽ ജനതകൾക്ക് നല്കിയ വേദഗ്രന്ഥങ്ങൾക്കിടയിൽ ഒരു പൈതൃകവും കാണാവതല്ല ലോകം പാപങ്ങളിലും, അധർമ്മങ്ങളിലും ആപതിക്കുമ്പോൾ, അതായത് കള്ളം, മോഷണം, വഴക്ക്, മൊത്തത്തിലുള്ള ധാർമ്മികാധപതനം, മനുഷ്യനെ പരിശുദ്ധിയിൽ നിന്നും, നന്മയിൽ നിന്നും അകറ്റുകയും സ്വാർത്ഥതയിൽ അടിമപ്പെട്ടു പോകുകയും ചെയ്യുന്ന കാലങ്ങളിൽ പരിഷ്ക്കർത്താവിന്റെ ആഗമനം ഉണ്ടാകുന്നു. ഇത്തരം തെറ്റായ പ്രവർത്തനങ്ങളിൽ/തിന്മകളിൽ ആണ്ടുപോകുമ്പോൾ അപ്പോൾ ഏകദൈവാരാധന  ഉപേക്ഷിക്കുകയും അവർ വിഗ്രഹാരാധനയിൽ അലിഞ്ഞുചേരുകയും ചെയ്യുന്നു. മനുഷ്യന്റെ ഭൗതികവും ആത്മീയവുമായ ഉയർച്ചയെ ദൈവം സംരക്ഷിക്കുന്നു. ഇത്തരം ആത്മീയാന്ധകാരകാലഘട്ടത്തിൽ, അവന്റെ ഔദാര്യത്തെ ആവശ്യപ്പെടുന്നു. മാനവസമുദായത്തെ പരിഷ്കരിക്കുവാൻ ഒരു വ്യക്തിയെ നിയോഗിക്കണമെന്ന്, ദൈവത്തിന്റെ ഒരു പ്രതിനിധിയെ നിയോഗിക്കുക എന്ന ആശയം പ്രകൃതി നിയമങ്ങളെ  യാതൊരു രീതിയിലും ബാധിക്കുന്നതല്ല. ആദം (അ) ന്റെ കാലത്തും മറ്റു പ്രവാചകന്മാരുടെ കാലത്തും ഉണ്ടായിരുന്ന ഗോതമ്പ്. നമുക്ക് അത് ആഹാരത്തിന്റെ ഉറവിടമല്ലാത്തതുപോലെ, അതുപോലെ മുൻകാലങ്ങളിൽ നിലനിന്നരുന്ന ജലം നമ്മുടെ ദാഹത്തിന് ശമനകാരിയല്ലാത്തുപോലെ, ഇതുപോലെയാണ് ആത്മീയ കാര്യങ്ങളും നാം പരിഗണിക്കേണ്ടത്.

നമ്മുടെ ആത്മീയപോഷണത്തിന് അല്പം പുതിയതു കിട്ടിയേ മതിയാകു. ഇത് ദൈവത്തിന്റെ ചര്യയാണ്. മനുഷ്യന്റെ ശാരീരിക വളർച്ചയ്ക്ക് അവൻ ആഹാരം നല്കുന്നതുപോലെ, എവിടെയെങ്കിലും അല്പം കുറവു സംഭവിക്കുകയാണെങ്കിൽ, ആത്മീയ വളർച്ചയ്ക്ക് വേണ്ടിയും അവൻ അതു നല്കുന്നതാണ്. ഭൗതികവും ആത്മീയതയും ഒരു മിച്ചു മുന്നേറേണ്ടതാണ്. (വിശിഷ്യാ മനുഷ്യന്റെ കാര്യത്തിൽ– ശരീരവും, ആത്മാവും) ദൈവത്തിന്റെ അസ്ഥിത്വത്തെ നിരാകരീക്കുന്നവനെ സംബന്ധിച്ചിടത്തോളം ഈ ആശയം മറ്റൊരു രൂപത്തിലായിതീരുന്നു. എന്നാൽ ദൈവത്തിന്റെ നിലനില്പിൽ വിശ്വസിക്കുന്നവനെ സംബന്ധിച്ചിടത്തോളം അവന് ഈ രണ്ട് ആശയങ്ങളും പരിഗണിക്കേണ്ടതുണ്ട്. രണ്ടും താരതമ്യം ചെയ്തു മനസിലാക്കി, രണ്ടിന്റെയും പ്രയോജനങ്ങൾ അവൻ നേടുന്നു. ഭൗതികവ്യവസ്ഥിതി നിർമ്മിച്ചവൻ അവൻ ആത്മീയ വ്യവസ്ഥിതിയും സൃഷ്ടിക്കുന്നു. ഭൗതികവ്യവസ്ഥിതിക്ക് നൂതനാഹാരം നല്കി അവനെ പരിപോഷിപ്പിക്കുന്നതുപോലെ അവൻ ആത്മീയ വ്യവസ്ഥിതിയേയും അങ്ങനെതന്നെ പരിപോഷിപ്പിക്കുന്നു. ശാരീരിക അവസ്ഥ പുതു ജലത്തെ ആശ്രയിക്കുന്നതുപോലെ, ആത്മീയ അവസ്ഥ നൂതന ദൈവീക വെളിപാടിനെ ആശ്രയിക്കുന്നു. ശരീരം ആഹാരം സ്വീകരിക്കുന്നില്ലെങ്കിൽ ഭൗതിക ശരീരം മരണപ്പെടുന്നതാണ്. ആത്മീയ ആഹാരം കഴിക്കുന്നില്ലെങ്കിൽ ആത്മാവും മരണമടയുന്നതാണ്. കഴിഞ്ഞകാലങ്ങളിൽ നിന്നുള്ളതിൽ മാത്രം ഒരാൾ ശ്രദ്ധകേന്ദ്രീകരിക്കുകയാണെങ്കിൽ അത് ആത്മീയ കാര്യത്തിൽ ആകുമ്പോൾ ആത്മീയ വ്യവസ്ഥ മരണപ്പെട്ടിരിക്കുന്നു എന്ന തീരുമാനത്തിൽ മാത്രമേ നമുക്കു എത്തി ചേരുവാൻ കഴിയുകയുള്ളു. മറ്റ് തീരുമാനത്തിൽ എത്തുവാൻ സാധിക്കുമോ? അവന്റെ പ്രകൃതി വച്ച് നോക്കുമ്പോൾ സർവ്വശക്തനായ ദൈവം നാം അവനെ അംഗീകരിക്കണമെന്ന് ആഗ്രഹിക്കുന്നു. അവന്റെ നിലനില്പിന്റെയും തിരിച്ചറിയലിന്റെയും തെളിവ് എന്ന നിലയിൽ നൂതനവും യാഥാർത്ഥവുമായ അടയാളങ്ങൾ നമുക്ക് നല്കി അവൻ നമ്മെ സന്തോഷിപ്പിക്കുന്നു. ഇത് മനസിലാക്കാൻ പ്രയാസമുള്ള കാര്യമല്ല. ഈ വ്യവസ്ഥിതി തുടർന്ന് കൊണ്ടരിക്കുന്നതാണ്. അത് തുടർന്നു കൊണ്ടേയിരിക്കും. ആയിരമായിരം പ്രവാചകൻമാർ ആഗതരായി. അവരുടെ പ്രവർത്തനങ്ങളിലൂടെ, ഇത്തരം തെളിവുകൾ മനുഷ്യന് വ്യക്തമാക്കപ്പെട്ടിട്ടുള്ളതാകുന്നു. ദൈവത്തിന്റെ നിലനില്പിനെ തെളിയിക്കുന്ന ആശയം അങ്ങനെ പൂർത്തിയായിരിക്കുന്നു. – ഒരു ശാസ്ത്രഞ്ജൻ അഥവാ ഒരു തത്ത്വചിന്തകൻ സംശയത്തിലാണെങ്കിൽ അയാൾക്ക് എങ്ങനെയാണ് അത് അവകാശപെടുവാൻ കഴിയുന്നുത്? പരീക്ഷണസമയത്തുള്ള സാക്ഷിതെളിവിന്റെ പിൻതുടർച്ച ആവശ്യമാണ്. കഴിഞ്ഞകാല കഥകളും മുൻകാലകെട്ടുകഥകളും ഞങ്ങൾ എന്തിന് അവരുടെ മുന്നിൽ ഹാജരാക്കണം. അതുകൊണ്ടാണ് അവർ യഥാർത്ഥതെളിവ് ഹാജരാക്കുന്നത്., അഥവാ ജീവിച്ചിരിക്കുന്ന ഔ മാതൃക നല്കുന്നത്. ഈ കാര്യത്തിന്റെ തീർപ്പ് കല്പിക്കുവാൻ ഞാൻ അവർക്ക് തന്നെ വിട്ടുകൊടുക്കുകയാണ്.

'ദൈവത്തിന്റെ നിലനില്പ് സംബന്ധമായി യഥാർത്ഥ തെളിവ് ഒരു ജോതിശാസ്ത്രഞ്ജന് നല്കുവാൻ കഴിയില്ല. സൗരയുഥ വ്യവസ്ഥയുടെ നീരീക്ഷണത്തിലൂടെ മാത്രം ! എന്നാൽ ദൈവം യഥാർത്ഥത്തിൽ നിലനിൽക്കുന്നു എന്ന് ചിന്തയിലേക്ക് നയിക്കുവാൻ സാധിക്കുന്നതാണ്. ഒരു ദൈവം ഉണ്ട്് എന്നും അവൻ യഥാർത്ഥത്തിൽ നിലനിൽക്കുന്നു എന്നും തെളിയിക്കുവാൻ കഴിയുന്നത്, പ്രവാചകൻമാർ മുന്നോട്ട് വെയ്ക്കുന്ന അദ്ധ്യാപനത്തിലൂടെ മാത്രമാണ് എന്നത് ഒരു വസ്തുതയാണ്. ഈ വീനിത സേവകനും അല്ലാഹുവിന്റെ ദൂതനുമായ – പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) യുടെ അനുസരണയുള്ള അനുയായിയുമായ എന്നെപ്പോലുള്ള ആളുകൾ, ലോകത്ത് പ്രത്യക്ഷപ്പെട്ടില്ലായിരുന്നുവെങ്കിൽ ദൈവത്തിന്റെ നിലനില്പ് സംബന്ധമായ യഥാർത്ഥമായ തെളിവുകൾ എല്ലാം ഇല്ലാതാകമായിരുന്നു.

അടഞ്ഞുപോയ ഹൃദയങ്ങളെ അല്ലാഹു അവന്റെ ശക്തമായ പ്രകാശത്താൽ തുറക്കട്ടെ! വരണ്ട ഹൃദയങ്ങളെ അവന്റെ ജലത്താൽ ചേതനങ്ങളാക്കട്ടെ! അങ്ങനെ അവരുടെ ഭൗതികവും ആത്മീയവുമായ നയനങ്ങൾ സത്യം മനസ്സിലാക്കട്ടെ ! ദൈവത്തിന്റെ കല്പനകൾ സത്യമാണെന്ന് അവൻ സാക്ഷ്യപ്പെടുത്തട്ടെ ! അവരവരുടെ കാലഘട്ടങ്ങളിലെ ദൈവദൂതൻമാരെ അനുസരിക്കട്ടെ! ഈ പ്രക്രിയ വിധി നാൾവരേക്കും തുടരട്ടെ! ആമീൻ


**Translated by**
**R. Jamaludin Raother**
**Amir Jamaat-ul-Sahih-al-Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**